## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 216    10-12-2012-ൽ മറുപടിയ്ക്ക്

## കായികരംഗത്തെ മികവിന് പ്രോത്സാഹനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.റ്റി.യു.കുരുവിള | ശ്രീ.കെ.ബി.ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാന-ദേശീയ കായിക മത്സരങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങളിൽ എത്തുന്ന സ്കൂളുകൾക്ക് എന്തൊക്കെ പ്രോത്സാഹനങ്ങൾ ആണ് സർക്കാർ നൽകിവരുന്നത് എന്ന് വ്യക്തമാക്കുമോ ; | (എ) ദേശീയ മത്സരങ്ങളിൽ കേരളം ഒരു ടീമായി പങ്കെടുക്കുന്നതുകൊണ്ട് സ്കൂളുകൾക്ക് പ്രത്യേക പാരിതോഷികം നൽകുന്നില്ല. കായികരംഗത്ത് മികവ് പുലർത്തുന്ന സ്കൂളുകൾക്ക് പ്രത്യേക പ്രോത്സാഹനമായി സ്പോർട്സ് ട്രെയിനിംഗ് സെന്റർ പദ്ധതിയിൽ ഉൾപ്പെടുത്തി വർഷം ഒരു ലക്ഷം രൂപ ഗ്രാന്റ് നൽകുന്ന ഒരു പദ്ധതി സംസ്ഥാന സ്പോർട്സ് കൗൺസിലിൽ നിലവിലുണ്ട്. സംസ്ഥാന കായികമത്സരങ്ങളിൽ ഒന്നും രണ്ടും സ്ഥാനം നേടുന്ന വ്യകതികൾക്ക് യഥാക്രമം 1,10,000/- രൂപ, 87,500/- രൂപ വീതം ക്യാഷ് അവാർഡ് നൽകിവരുന്നു. ഇതു കൂടാതെ, ദേശീയ സംസ്ഥാന മത്സരങ്ങളിൽ കേരളത്തെ പ്രതിനിധീകരിച്ച് ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന കായികതാരങ്ങൾക്ക് പ്രോത്സാഹനമായി സംസ്ഥാന സ്പോർട്സ് കൗൺസിൽ ക്യാഷ് അവാർഡുകളും നൽകിവരുന്നു. |
| (ബി) സംസ്ഥാന-ദേശീയ കായിക മേളകളിൽ ഉന്നതനിലവാരം പുലർത്തുന്ന സ്കൂളുകൾക്ക് നല്ല ഹോസ്റ്റലും ആധുനിക പരിശീലന സംവിധാനങ്ങളും നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) ഇതിനായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന രണ്ട് സ്പോർട്സ് സ്കൂളുകളിൽ മികച്ച ഹോസ്റ്റലും ആധുനിക പരിശീലന സംവിധാനങ്ങളും ഏർപ്പെടുത്തുന്നതിന് സർക്കാർ സാമ്പത്തിക സഹായം നൽകിവരുന്നു. കൂടാതെ, സ്പോർട്സ് ഹോസ്റ്റൽ സ്കീമിലേയ്ക്ക് തെരഞ്ഞെടുക്ക |

~~പ്പെടുന്ന കായികതാരങ്ങൾക്ക്~~ മികച്ച പരിശീലനം, പ്രതിദിനം 100/- രൂപയുടെ ഭക്ഷണം, പോക്കറ്റ് മണി, യൂണിഫോം, സ്പോർട്സ് കിറ്റ്, മെഡിക്കൽ അലവൻസ്, മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള ടി.എ/ ഡി.എ എന്നിവ സംസ്ഥാന സ്പോർട്സ് കൗൺസിൽ മുഖാന്തിരം അനുവദിച്ച് നൽകുന്നുണ്ട്.

മികച്ച കായിക മികവ് പുലർത്തുന്ന സ്കൂളുകൾക്ക് നിബന്ധനകൾക്ക് വിധേയമായി ഡേ ബോർഡിംഗ് സ്കീം അനുവദിച്ചുവരുന്നു. ഇതിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് പരിശീലന ദിവസങ്ങളിൽ (ആഴ്ചയിൽ 5 ദിവസം) 15/- രൂപ വീതവും കൂടാതെ യൂണിഫോം, പരിശീലനത്തിന് ആവശ്യമായ കായിക ഉപകരണങ്ങൾ എന്നിവയും കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ മുഖാന്തിരം നൽകിവരുന്നു.

(സി) വ്യക്തിഗത മികവ് പുലർത്തുന്ന കായികതാരങ്ങൾക്ക് കൂടുതൽ ആനുകൂല്യങ്ങളും സൗകര്യങ്ങളും നല്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

(സി) സംസ്ഥാന-ദേശീയ മത്സരങ്ങളിൽ മികവ് പുലർത്തുന്ന കായിതാരങ്ങൾക്ക് ക്യാഷ് അവാർഡുകൾ നൽകി വരുന്നു ഇവർക്ക് കൂടുതൽ ആനുകൂല്യങ്ങളും സൗകര്യങ്ങളും നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ